"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ സബ്കമ്മിറ്റി എന്ന നിലയിൽ ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2550/2022/LSGD തീയതി,തിരുവനന്തപുരം, 20-10-2022**

---

പരാമർശം:-

1. 30.07.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തീരുമാനം നമ്പർ 4.13
2. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 03.08.2021-ലെ A8/1373/2020/KSBB നമ്പർ കത്ത്
3. സംസ്ഥാനത്തെ ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാനതല സ്റ്റിയറിങ് കമ്മിറ്റിയുടെ 12.4.2022 ലെ യോഗത്തിലെ തീരുമാനം

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും ജൈവ വൈവിധ്യ പരിപാലന സമിതികൾ (BMC) നിലവിൽ വന്നിട്ടുണ്ട്. ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിങ് സംവിധാനം എന്ന നിലയിൽ ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കണമെന്ന കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അഭ്യർത്ഥന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരാമർശം (1) പ്രകാരം പരിഗണിച്ചിരുന്നു.

2. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുൾപ്പെടെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.കൾ) രൂപീകരിക്കുന്നുണ്ടെങ്കിലും, ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ബി.എം.സി.കളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനോ, മേൽനോട്ടം വഹിക്കുന്നതിനോ, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ഉപരിയായി, ജില്ലാതലത്തിൽ മറ്റ് സംവിധാനങ്ങളൊന്നും നിലവിലില്ലാത്ത സാഹചര്യമാണുള്ളതെന്നും ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിലൂടെ ജൈവവൈവിധ്യ നിയമം, 2002, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 എന്നിവ പ്രകാരമുള്ള ചുമതലകൾ

നിർവ്വഹിക്കുന്നതിനുള്ള ബി.എം.സി. തലത്തിലെ പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ തന്നെ മെച്ചപ്പെട്ട രീതിയിലുള്ള ഏകോപനം സാധ്യമാകുന്നതാണ് എന്നും നിർദ്ദിഷ്ട ഘടനയിൽ, ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കാവുന്നതാണ് എന്നും കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ജില്ലാ തലത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി എന്ന നിലയിൽ ജില്ലാ തലത്തിൽ ജൈവവൈവിധ്യ കോ- ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് സംസ്ഥാനത്തെ ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാന തല സ്റ്റിയറിങ് കമ്മിറ്റി പരാമർശം (3) പ്രകാരം തീരുമാനമെടുത്തിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ സബ്കമ്മിറ്റി എന്ന നിലയിൽ താഴെ പറയും പ്രകാരം ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ - ചെയർ പേഴ്സൺ

ജില്ലാ പ്ലാനിംഗ് ഓഫീസർ - കൺവീനർ

ജില്ലാ കോ ഓർഡിനേറ്റർ, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് - ജോയിന്റ് കൺവീനർ

<u>മറ്റ് അംഗങ്ങൾ</u>

പ്രിൻസിപ്പൽ കൃഷി ഓഫീസർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ജില്ലാ ഫിഷറീസ് ഓഫീസർ

ജില്ലാ മൃഗസംരക്ഷണ ഓഫീസർ

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് (PAU)

ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിൽ നിന്ന് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർ

<u>സ്ഥിരം ക്ഷണിതാക്കൾ</u>

ജില്ലാ ആസൂത്രണ സമിതി നാമനിർദ്ദേശം ചെയ്യുന്ന 5- ൽ കുറയാത്ത വിദഗ്ദ്ധർ

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ (2 പേർ)

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ (2 പേർ)

നഗരസഭാ ചെയർമാൻമാരിൽ നിന്നും ഒരാൾ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA.R.S.

**ജോയിന്റ് സെക്രട്ടറി**

ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്ക്

മെമ്പർ സെക്രട്ടറി, പ്ലാനിങ് ബോർഡ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

സ.ഉ.(സാധാ) നം.2550/2022/LSGD

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ
ഡയറക്ടർ, കൃഷി വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, ഫിഷറീസ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്